**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5570** **03-11-2021 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ന്യായവിലയ്ക്ക് നെൽകൃഷിക്കാരിൽനിന്നും നെല്ല് ശേഖരിക്കുന്ന നെല്ല് സംഭരണ പദ്ധതി നടപ്പാക്കിയതിലൂടെ നെൽകൃഷിക്കാർക്ക് എന്തെല്ലാം നേട്ടങ്ങൾ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; നെല്ല് സംഭരണ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് സപ്ലൈകോ മുഖേന സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയ്ക്ക് നെല്ല് സംഭരിക്കുന്നതിലൂടെ കർഷകർക്ക് കൃഷി ലാഭകരമാകുകയും അവർക്ക് കൃത്യമായ വരുമാനം ലഭിക്കുകയും ചെയ്യുന്നു. നിലവിൽ സംഭരണം അവസാനിച്ച 2020-21 സീസണിൽ കിലോ ഗ്രാമിന് 27.48 രൂപ നിരക്കിലാണ് നെല്ല് സംഭരിച്ചിരുന്നത്. 2021-22 സീസണിൽ നെല്ലിന്റെ സംഭരണവില കിലോഗ്രാമിന് 28.00 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഇത് രാജ്യത്തെ തന്നെ ഉയർന്ന വിലയാണ്. സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് ബാങ്കുകൾ വഴി താമസംവിനാ ലഭിക്കുന്നതിനായി പി.ആർ.എസ് വായ്പാ പദ്ധതി പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. നെല്ല് സംഭരണ പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി തന്നെ പുരോഗമിക്കുന്നു. സപ്ലൈകോ മുഖേന നെല്ല് സംഭരിച്ച് അരിയാക്കി പൊതു വിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നു. മെച്ചപ്പെട്ട സംഭരണ പ്രവർത്തനങ്ങൾ മൂലം സംസ്ഥാനത്തെ നെല്ല് സംഭരണത്തിന്റെ അളവ് വർഷാവർഷം വർദ്ധിച്ചുവരുന്നുണ്ട്. |
| (ബി) | നെല്ലിന്റെ ഉല്പാദനവർദ്ധനവിനനുസരിച്ച് സംഭരണം നടക്കാതിരിക്കുന്നത് പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി) | നെല്ലിന്റെ ഉൽപ്പാദന വർദ്ധനവിന് അനുസൃതമായി നെല്ല് ഏറ്റെടുക്കാതിരിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ